**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1301** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>തലശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കായിക മേഖലയുടെ അഭിവൃദ്ധിക്കായി തലശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഇനിയും പൂർത്തിയാകാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തലശ്ശേരി നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ആയത് പൂർത്തീകരിക്കാൻ ഇനി എന്തൊക്കെ നടപടികൾ ആണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തലശ്ശേരി നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയത്തിലെ വാർഷിക പരിപാലനം - 2024-25 | 15.02.2025 തീയതിയിലെ സ.ഉ(സാധാ)നം. 42/2025/S&YA ഉത്തരവ് പ്രകാരം നാച്ചുറൽ ടർഫിന്റെ പരിപാലനത്തിനായി 26.67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 20.07 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും 18.17 ലക്ഷം രൂപയ്ക്ക് ശ്രീ. സാജിദ്, എറണാകുളം എന്ന കരാറുകാരൻ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുമുണ്ട് . |
| 2. | വി.ആർ. കൃഷ്ണയ്യർ മെമ്മോറിയൽ സ്റ്റേഡിയത്തിന് മുന്നിൽ പാർക്കിംഗ് ഏരിയയിൽ സി.സി.ടി.വി. സ്ഥാപിക്കലും, ഫെൻസിംഗ് നിർമ്മാണവും | 31.07.2025 തീയതിയിലെ സ.ഉ(സാധാ)നം. 204/2025/കാ.യു.വ. ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 21.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഫെൻസിംഗ് നിർമ്മാണത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. ശ്രീ. മുസ്തഫ. എസ്.ബി. എന്ന കരാറുകാരൻ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി മുൻസിപ്പാലിറ്റി ഉദ്യോഗസ്ഥർ 11.06.2026 തീയതിയിൽ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ഫെൻസിംഗ് നിർമ്മിക്കാൻ നിർദ്ദേശിച്ച സ്ഥലത്ത് ഫെൻസിംഗ് |

| | | |
|---|---|---|
| | | നിർമ്മിക്കേണ്ടതില്ലെന്നും, പുതിയ സ്ഥലത്ത് ഫെൻസിംഗ് നിർമ്മിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.<br>സി.സി.ടി.വി. സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിക്കുകയും M/s. Global Net ID Solutions എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 3. | പന്നിയന്നൂർ ഗ്രാമപഞ്ചായത്തിൽ ഓപ്പൺ ജിം ഉപകരണങ്ങളുടെ വിതരണവും, സ്ഥാപിക്കലും | 01.07.2025 തീയതിയിലെ സ.ഉ(സാധാ)നം. 180/2025/S&YA ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 12.16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 11.31 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും M/s. Khalsa Exports Pvt. Ltd എന്ന സ്ഥാപനം ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതുമാണ്. നിലവിൽ ടി പ്രവൃത്തി പൂർത്തീകരിച്ചു എങ്കിലും, ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളുടെ ഇൻസ്പെക്ഷൻ നടത്തേണ്ടതുണ്ട്. ഉടൻ തന്നെ ഇൻസ്പെക്ഷൻ നടത്തി പൊതു ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ സാധിക്കുന്നതാണ്. |
| 4. | കതിരൂർ ഇ.എം.എസ് മിനി സ്റ്റേഡിയം വികസനം | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ തലശ്ശേരി നിയോജക മണ്ഡലത്തിലെ കതിരൂർ ഇ.എം.എസ് മിനി സ്റ്റേഡിയം |

| | | |
|---|---|---|
| | | വികസന പ്രവൃത്തിക്കായി തലശ്ശേരി നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതിയും. 26.05.2025 തീയതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ശ്രീ. സി.എച്ച്. അസ്കർ എന്ന കരാറുകാരൻ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുമുണ്ട്. മഡ് ഫുട്ബോൾ കോർട്ട് & മഡ് വോളിബോൾ കോർട്ട്, സിന്തറ്റിക് ക്രിക്കറ്റ് പിച്ച്, ഫെൻസിംഗ്, റീട്ടെയിനിംഗ് വാൾ, ആർ.ആർ സ്റ്റെപ്പ് ഗ്യാലറി, ലോംഗ് ജമ്പ് പിറ്റ്, ടോയ്ലെറ്റ് കം ഓഫീസ് ബിൽഡിംഗ്, ടോയ്ലെറ്റ് ബ്ലോക്കിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ റീട്ടെയിനിംഗ് വാൾ, സ്റ്റെപ്പ് ഗ്യാലറി എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 15% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026-ൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. |

| | | |
|---|---|---|
| 5. | എരഞ്ഞോളി ഇ.എം.എസ് മിനി സ്റ്റേഡിയത്തിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ | 03.10.2025 തീയതിയിലെ സ.ഉ(സാധാ)നം. 246/2025/S&YA ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 200 ലക്ഷം രൂപയുടെ ഭരണാനുമതിയും 189.57 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതിയും നൽകി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു.<br>153.33 ലക്ഷം രൂപയ്ക്ക് ശ്രീ. അബ്ദുൽ സത്താർ എന്ന കരാറുകാരൻ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതുമാണ്. ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ & ബാഡ്മിന്റൺ കോർട്ട്, ഫെൻസിംഗ്, ആർ.സി.സി ഡ്രെയിൻ, സ്റ്റെപ്പ് ഗ്യാലറി, ഇന്റർലോക്ക്, കോമ്പൗണ്ട് വാൾ, ടോയ്‌ലെറ്റ് കം ഓഫീസ് ബിൽഡിംഗ്, ഓപ്പൺ സ്റ്റേജ്, ബോർവെൽ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**